# നവകേരളം വാർത്ത

2025 ഡിസംബർ വാല്യം 1 ന്യൂസ്‌ലെറ്റർ

ഓൺലൈൻ

59


ഹരിതകേരളം
ദേശീയ പരിസ്ഥിതി
സമ്മേളനം 2026
2026 ഫെബ്രുവരി 9-11 തിരുവനന്തപുരം

## ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും

കഴിഞ്ഞ പത്ത് വർഷങ്ങളിലായി ഹരിതകേരളം മിഷൻ സംസ്ഥാനത്ത് നടപ്പാക്കിയ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളെ മുൻനിർത്തി ദേശീയ പരിസ്ഥിതി സമ്മേളനം സംഘടിപ്പിക്കുന്നു. 2026 ഫെബ്രുവരി 9 മുതൽ 11 വരെ തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽ സംഘടിപ്പിക്കുന്ന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഫെബ്രുവരി 8 മുതൽ പരിസ്ഥിതി



പുനഃസ്ഥാപന പ്രവർത്തനങ്ങൾ വിഷയമാക്കി എഴുപതിലധികം സ്റ്റാളുകളിലായി പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. മന്ത്രിമാർ, പരിസ്ഥിതി രംഗത്തെ വിദഗ്ധർ, ഗവേഷകർ, വിദ്യാർഥികൾ, യുവജനങ്ങൾ, മാധ്യമ പ്രവർത്തകർ, ജനപ്രതിനിധികൾ, സംഘടനാ പ്രതിനിധികൾ, വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുക്കും. ശുചിത്വം, മാലിന്യ സംസ്കരണം, ജല സുരക്ഷ, കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം, നെറ്റ് സീറോ കാർബൺ കേരളം, ഊർജം, കാലാവസ്ഥാ വ്യതിയാനം, പച്ചത്തുരുത്തുകൾ, മനുഷ്യ-വന്യമൃഗ സംഘർഷം തുടങ്ങിയ വിഷയങ്ങളിൽ പ്രബന്ധാവതരണം, പാനൽ ചർച്ച, വിദഗ്ധരുടെ പ്രതികരണങ്ങൾ എന്നിവയാണ് സമ്മേളനത്തിലെ മുഖ്യ ഇനങ്ങൾ. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ അവതരണവും പദ്ധതി ഗുണഭോക്താക്കളുടെ സംഗമവും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്.

## ലൈഫ് ഭവന പദ്ധതി ഇന്ത്യക്ക് മാതൃക: മന്ത്രി എം ബി രാജേഷ്

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് ഭവന പദ്ധതി ഇന്ത്യക്കാകെ മാതൃകയാണെന്ന് മന്ത്രി എം.ബി. രാജേഷ്. അഞ്ചുലക്ഷം കുടുംബങ്ങൾക്കാണ് ലൈഫ് ഭവന പദ്ധതിയിലൂടെ വീടെന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടതെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ 5.92 കോടി രൂപ ചെലവിൽ



നിർമിച്ച ലൈഫ് ഭവന സമുച്ചയത്തിൽ പൂർത്തീകരിച്ച വീടുകളുടെ താക്കോൽ കൈമാറ്റ ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ ഒരുകോടി രൂപ ചെലവിട്ട് നിർമിക്കുന്ന പഠനഗവേഷണ കേന്ദ്രത്തിന്റെ നിർമാണോദ്ഘാടനവും മന്ത്രി എം ബി രാജേഷ് നിർവഹിച്ചു. മന്ത്രി ജി ആർ അനിൽ പങ്കെടുത്തു.

## നവകേരളത്തിലേക്കുള്ള യാത്രയിൽ ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിൻ അഭിമാനകരമായ നേട്ടം : മന്ത്രി കെ. രാജൻ

നവകേരളത്തിലേക്കുള്ള യാത്രയിൽ ഹരിതകേരളം മിഷന്റെ നേതൃത്വ ത്തിൽ സംസ്ഥാനത്ത് സംഘടിപ്പിച്ച ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ അഭിമാനകരമായ നേട്ടമാണെന്ന് ലാൻഡ് റവന്യൂ മന്ത്രി കെ. രാജൻ. ക്യാമ്പയിനിലൂടെ ഒരു കോടി തൈകൾ നട്ടുപിടിപ്പിച്ചതിന്റെ പ്രഖ്യാപനം തൃശൂർ ടൗൺ ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ക്യാമ്പയിനിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയതിനാൽ വിദ്യാർത്ഥികളെ നമ്മുടെ നാടിനെ സംരക്ഷിക്കാനുള്ള സംസ്കാരത്തിന്റെ കാവൽക്കാരായി മാറ്റാൻ കഴിഞ്ഞു. പ്രകൃതി പുനഃസ്ഥാപനത്തിനും വൃക്ഷവൽക്കരണത്തിനും നാമേവരും ജാഗ്രത പുലർത്തണം എന്ന സന്ദേശം മുന്നോട്ടുവയ്ക്കാനും ഒരു തൈ നടാം ക്യാമ്പയിനു കഴിഞ്ഞതായി മന്ത്രി അഭിപ്രായപ്പെട്ടു. ക്യാമ്പയിനിൽ നേതൃപരമായി പങ്കുവഹിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമസേന, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ, ജനപ്രതിനിധികൾ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, സോഷ്യൽ ഫോറസ്ട്രി, മറ്റ് വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവരെ മന്ത്രി അഭിനന്ദിച്ചു. നട്ട തൈകളെ പരിപാലിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയത് ശ്രദ്ധേയമായെന്നും മന്ത്രി പറഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻസ് ജില്ലാ സെക്രട്ടറി കെ.ആർ. രവി അധ്യക്ഷത



വഹിച്ച ചടങ്ങിൽ ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർ ഹരിപ്രിയാ ദേവി റിപ്പോർട്ട് അവതരിപ്പിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ രഞ്ജിത് ഡി. ഐ.എ.എസ്. ക്യാമ്പയിൻ വീഡിയോ പ്രകാശനം നടത്തി. ചടങ്ങിൽ കെ.എഫ്.ആർ.ഐ ഡയറക്ടർ കണ്ണൻ സി.എസ്. വാര്യർ, സംസ്ഥാന ഔഷധസസ്യ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഔഷധി മാനേജിംഗ് ഡയറക്ടറുമായ ഹൃതിക് ഡി.കെ., തൃശൂർ ഫോറസ്ട്രി ഡിവിഷൻ അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ടി.കെ. മനോജ്, കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഷെർളി, നവകേരളം കർമപദ്ധതി സംസ്ഥാന അസി. കോർഡിനേറ്റർ ടി. പി. സുധാകരൻ, തൃശൂർ ജില്ലാ കോർഡിനേറ്റർ ദിദിക സി. എന്നിവർ സംസാരിച്ചു.



# പൊതുവിദ്യാഭ്യാസ മേഖലയുടെ നേട്ടം അന്താരാഷ്ട്ര ശ്രദ്ധ ആകർഷിക്കുന്നത്; മന്ത്രി വി. ശിവൻകുട്ടി

രാജ്യത്തെ ഇരുപതര കോടി കുട്ടികൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം തുടങ്ങിയ അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു എന്ന യുണിസെഫ് റിപ്പോർട്ട് (UNICEF's report State of the World's Children 2025) ദേശീയതലത്തിൽ അതീവ ഗൗരവത്തോടെ കാണേണ്ട വിഷയമാണെന്ന് മന്ത്രി വി. ശിവൻകുട്ടി വ്യക്തമാക്കി. അതേസമയം, ഈ വെല്ലുവിളി നിറഞ്ഞ ദേശീയ സാഹചര്യത്തിൽ നിന്നും കേരളം തികച്ചും വ്യത്യസ്തമായ ഒരു മാതൃകയാണ് രാജ്യത്തിന് മുന്നിൽ കാഴ്ചവയ്ക്കുന്നത് എന്നും മന്ത്രി കൂട്ടിച്ചേർത്തു. യുണിസെഫ് റിപ്പോർട്ട് ഉയർത്തിക്കാട്ടുന്ന ദേശീയ പ്രതിസന്ധിക്ക് വിപരീതമായി, കേരളത്തിലെ



പൊതുവിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടങ്ങൾ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിക്കുന്നതാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിലാണ് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് ഏറ്റവും കുറവ് എന്ന അഭിമാനകരമായ നേട്ടം സംസ്ഥാനത്തിനുണ്ട്. വിദ്യാഭ്യാസ അവകാശം ഇവിടെ പ്രാവർത്തികമാക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ ഈ ഉന്നതമായ നേട്ടം യാദൃശ്ചികമല്ല. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പോലുള്ള ദീർഘവീക്ഷണത്തോടെയുള്ള സർക്കാർ ഇടപെടലുകളും, കുട്ടികളുടെ ആരോഗ്യത്തിനും പോഷകാഹാരലഭ്യതയ്ക്കും വേണ്ടി നടപ്പിലാക്കിയ സമഗ്രമായ പദ്ധതികളുമാണ് ഈ മികച്ച പ്രകടനത്തിന് അടിസ്ഥാനം. കേരളം കൈവരിച്ച ഈ നേട്ടങ്ങൾ ദേശീയ നയരൂപീകരണത്തിന് പ്രചോദനമാകുമെന്നും, കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

**എഡിറ്റോറിയൽ**

# പ്രതീക്ഷയോടെ പുതുവർഷം

പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും ഒരു പുതുവർഷം കൂടി എത്തിയിരിക്കുന്നു. കഴിഞ്ഞകാല പ്രവർത്തനങ്ങളിലേയ്ക്കൊരു തിരിഞ്ഞുനോട്ടത്തിനുള്ള അവസരമാണ് വർഷാന്ത്യം. സാമൂഹ്യസുരക്ഷയ്ക്കും പശ്ചാത്തല സൗകര്യവികസനത്തിനും എന്നപോലെ പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നൽകിയുള്ള വികസന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയത്. ഇതിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ മുന്നിൽ നിന്നു പ്രവർത്തിക്കാൻ ഹരിതകേരളം മിഷനു കഴിഞ്ഞു. കഴിഞ്ഞ ഒരു ദശകത്തിലെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളെ വിലയിരുത്തുകയാണെങ്കിൽ ബോധവൽക്കരണമെന്നതിലുപരി പ്രകടമായ ഗുണഫലങ്ങൾ സൃഷ്ടിച്ച് പ്രായോഗിക തലത്തിൽ നടത്തിയ പ്രവർത്തനങ്ങളാണ് കൂടുതൽ ശ്രദ്ധനേടിയത്. ഒരുകോടി വൃക്ഷത്തൈകൾ നടാൻ ലക്ഷ്യമിട്ടു നടത്തിയ 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ പരിപാടി ലക്ഷ്യം കടന്നു മുന്നേറി. ജലസംരക്ഷണം മുൻനിർത്തി നടത്തിയ ജലമാണ് ജീവൻ, ഇനി ഞാനൊഴുകട്ടെ തുടങ്ങിയ ക്യാമ്പയിനുകൾ ഈ മേഖലയിൽ സൃഷ്ടിച്ച മാറ്റങ്ങൾ ശ്രദ്ധേയമായി. ആവർത്തിച്ചു ശുചിയാക്കിയതുൾപ്പെടെ 99624.14 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 6019 പുതിയ കുളങ്ങൾ നിർമ്മിച്ചു. 956 സ്ഥിരം തടയണകളും 84721 താൽക്കാലിക തടയണകളും നിർമ്മിച്ചു. 10661 കിണറുകൾ റീചാർജ്ജു ചെയ്തു. 19978 കിണറുകൾ നിർമ്മിച്ചു.

പശ്ചിമഘട്ട പ്രദേശങ്ങളോട് ചേർന്നുള്ള 230 ഗ്രാമപഞ്ചായത്തുകളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് പൂർത്തിയാക്കി. ഹയർ സെക്കൻഡറി സ്കൂളുകളിലെ കെമിസ്ട്രി ലാബിനോടു ചേർന്ന് ജലഗുണനിലവാര പ്രാഥമിക പരിശോധനയ്ക്കായി 335 ലാബുകൾ സ്ഥാപിച്ചു. ഈ ലാബുകളിൽ ഇതുവരെ 50000ലധികം ജലസാമ്പിളുകൾ പരിശോധിച്ചു. രാജ്യത്താദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ തയ്യാറാക്കിയ ജലബജറ്റ് ദേശീയ ശ്രദ്ധനേടി. 642 തദ്ദേശ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറായി. ജലജന്യരോഗ പ്രതിരോധം മുൻനിർത്തി സംസ്ഥാനത്തെ 85% കിണറുകളിൽ ക്ലോറിനേഷൻ നടത്തി.



ഖരമാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ സംഘടിപ്പിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന് നേതൃത്വം വഹിച്ചതും ഹരിതകേരളം മിഷനാണ്. 358 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. 3492 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാല പദവി നേടി. 2050 ഓടെ സംസ്ഥാനത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്തിക്കാൻ ലക്ഷ്യമിട്ടുള്ള നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ ആശാവഹമായി പുരോഗമിക്കുകയാണ്. 1317 ഏക്കർ സ്ഥലത്തായി 4188 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. 17 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിത ഗ്രാമമായും 2083 വാർഡുകളെ ഹരിത സമൃദ്ധി വാർഡുകളായും പ്രഖ്യാപിച്ചു.

ഹയർ സെക്കൻഡറി സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥിനികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്ന പദ്ധതിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിന് ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയും ആരംഭിച്ചു. ഏറ്റവും പ്രധാനമായ ചില നേട്ടങ്ങളാണ് ഇവിടെ പരാമർശിച്ചത്. സൂക്ഷ്മാംശങ്ങളിലേക്കിറങ്ങിയാൽ അതി ബൃഹത്തായ പ്രവർത്തനങ്ങൾ കർമ്മപഥത്തിലെത്തിക്കാൻ കഴിഞ്ഞത് ദൃശ്യമാകും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കിയാണ് എല്ലാ പ്രവർത്തനങ്ങളും നടപ്പാക്കിയത്. പാരിസ്ഥിതികാവബോധം ജനങ്ങളിൽ കൂടുതൽ ശക്തമാക്കാൻ ഇതിലൂടെ കഴിഞ്ഞു. മാത്രമല്ല സമകാലിക രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ പരിസ്ഥിതി പുനസ്ഥാപനത്തിനുള്ള സവിശേഷ സ്ഥാനം അടയാളപ്പെടുത്താനായി. പുതിയ ലക്ഷ്യങ്ങളും അവ സഫലമാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താനും പുതുവർഷം ഹരിതകേരളം മിഷനെ പ്രേരിപ്പിക്കുന്നു.

സ്നേഹനിർഭരമായ പുതുവത്സരാശംസകൾ

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## സർക്കാർ ആശുപത്രികൾക്ക് സമഗ്ര റഫറൽ പ്രോട്ടോക്കോൾ

ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികൾക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകൾക്കുമുള്ള സമഗ്ര റഫറൽ പ്രോട്ടോകോൾ ആരോഗ്യ വകുപ്പ് പുറത്തിറക്കി. മെഡിക്കൽ



കോളേജുകളുടെ ഭാരം കുറയ്ക്കാനും രോഗികൾക്ക് തൊട്ടടുത്തുള്ള സർക്കാർ ആശുപത്രികളിൽ മികച്ച ചികിത്സ ഉറപ്പാക്കാനുമായുള്ള പ്രോട്ടോക്കോളാണ് പുറത്തിറക്കിയതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇന്റേണൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ് തുടങ്ങിയ 5 സ്പെഷ്യാലിറ്റികൾക്കുള്ള പ്രോട്ടോകോളാണ് ആദ്യഘട്ടമായി പുറത്തിറക്കിയത്. ഒരു ആശുപത്രിയിൽ സൗകര്യങ്ങൾ ഉണ്ടെന്നിരിക്കെ രോഗികളെ അനാവശ്യമായി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യാൻ പാടില്ല. എല്ലാ ആശുപത്രികളും പ്രോട്ടോകോൾ കൃത്യമായി പാലിക്കണമെന്ന് മന്ത്രി നിർദേശം നൽകി.

## വടകര നഗരസഭയിൽ ബയോ മെഥനേഷൻ - ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ




കോഴിക്കോട് വടകര നഗരസഭയ്ക്ക് കേരള സർക്കാർ ഹരിത കേരളം മിഷനിലൂടെ അനുവദിച്ച ബയോ മെഥനേഷൻ & ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷൻ എന്നിവയുടെ പ്രവൃത്തി ഉദ്ഘാടനം നവംബർ 7 ന് വടകര മുനിസിപ്പാലിറ്റി ഓഫീസിൽ മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഓൺലൈൻ ആയി നിർവഹിച്ചു. ഹരിത കേരളം മിഷൻ സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ നഗരസഭയുടെ നെറ്റ് സീറോ കാർബൺ പ്രവർത്തങ്ങളുടെ പുസ്തകം പ്രകാശനം ചെയ്തു.ഹരിത കേരളം മിഷൻ പ്രൊജക്ട് കോർഡിനേറ്റർ ലിജി മേരി ജോർജ് റിപ്പോർട്ട് അവതരണം നടത്തി. സ്ഥിരംസമിതി അദ്ധ്യക്ഷർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കെ.ബാലകൃഷ്ണൻ, നഗരസഭാ സെക്രട്ടറി സനൽ കുമാർ വി.ഡി തുടങ്ങിയവർ സംസാരിച്ചു. ക്യാമ്പയിൻ മാതൃകയായി ഏറ്റെടുത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായാണ് നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷനിലൂടെ സർക്കാർ രണ്ടു പ്രധാന പ്രൊജക്ടുകൾക്കുള്ള ഫണ്ട് നഗരസഭയ്ക്ക് നൽകിയത്. 45 ലക്ഷം രൂപയുടെ ബയോ മെഥനേഷൻ പ്ലാന്റും 35 ലക്ഷം രൂപയുടെ ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷനും ആണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

## 1001 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത്

സംസ്ഥാനത്തെ 1001 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായി. മെഡിക്കൽ കോളേജുകളിലെ 19 സ്ഥാപനങ്ങൾ കൂടാതെ 33 ജില്ല/ജനറൽ ആശുപത്രികൾ, 87 താലൂക്ക് ആശുപത്രികൾ, 77 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 554 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 99 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 15 സ്പെഷ്യാലിറ്റി ആശുപത്രികൾ, 3 പബ്ലിക് ഹെൽത്ത് ലാബുകൾ, 114 മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ ഹെൽത്ത് നടപ്പിലാക്കിയത്. തിരുവനന്തപുരം 150, കൊല്ലം 61, പത്തനംതിട്ട 37, ആലപ്പുഴ 65, കോട്ടയം 57, ഇടുക്കി 32, എറണാകുളം 100, തൃശൂർ 99, പാലക്കാട് 68, മലപ്പുറം 106, കോഴിക്കോട് 89, വയനാട് 37, കണ്ണൂർ 62, കാസർഗോഡ് 38 എന്നിങ്ങനെയാണ് ജില്ലാ അടിസ്ഥാനത്തിൽ ഇ ഹെൽത്ത് സജ്ജമാക്കിയത്.

ഇതുവരെ 2.63 കോടിയിലധികം ജനങ്ങൾ ഇ ഹെൽത്തിലൂടെ സ്ഥിര യു.എച്ച്.ഐ.ഡി. രജിസ്ട്രേഷൻ എടുത്തു. താത്ക്കാലിക രജിസ്ട്രേഷനിലൂടെ 6.73 കോടിയിലധികമാണ് ചികിത്സ തേടിയത്. 16.85 ലക്ഷം പേരാണ് ഇ ഹെൽത്ത് സംവിധാനത്തിലൂടെ അപ്പോയിന്റ്മെന്റ് എടുത്ത് ചികിത്സ തേടിയത്. ഡിജിറ്റലായി പണമടയ്ക്കാനുള്ള സംവിധാനം, ഓൺലൈനായി ഒപി ടിക്കറ്റ്, എം-ഇഹെൽത്ത് ആപ്പ്, സ്കാൻ എൻ ബുക്ക് സംവിധാനങ്ങൾ എന്നിവ അടുത്തിടെ സജ്ജമാക്കി.

## ആലപ്പുഴ രൂപത ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു

കാട്ടൂർ ചെറിയപൊഴി ക്രിസ്തുരാജ ദേവാലയത്തിൽ ആലപ്പുഴ രൂപത മെത്രാൻ റവ: ഫാ.ഡോ. ജയിംസ് ആനാപറമ്പിൽ വൃക്ഷതൈ വച്ച് ഉദ്ഘാടനം ചെയ്തു.



# പായം ഗ്രാമ പഞ്ചായത്തിന് ദേശീയ പുരസ്കാരം

ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ദേശീയ ജലശക്തി മന്ത്രാലയത്തിന്റെ ആറാമത് ദേശീയ അവാർഡ് കണ്ണൂർ ജില്ലയിലെ പായം ഗ്രാമ പഞ്ചായത്തിന്. മികച്ച വില്ലേജ് പഞ്ചായത്ത് എന്ന വിഭാഗത്തിലാണ് പായം തെരഞ്ഞെടുക്കപ്പെട്ടത്.രണ്ട് ലക്ഷം രൂപയും സർട്ടിഫിക്കറ്റുമാണ് സമ്മാനം. നവംബർ 18 ന് ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു പുരസ്കാരം സമ്മാനിച്ചു. ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ ചിട്ടയായി ഏറ്റെടുത്ത് നടത്തിയതാണ് പായം ഗ്രാമപഞ്ചായത്തിനെ ദേശീയ അവാർഡിലേക്ക് നയിച്ചത്. മാഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ വിപുലമായി ഏറ്റെടുക്കാനും ഗ്രാമപഞ്ചായത്തിന് സാധിച്ചു. ജല മലിനീകരണത്തിന് എതിരെ ജന ബോധം ഉയർത്താൻ തോടു സഭകൾ സംഘടിപ്പിക്കുകയും പുഴ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. 2024 ൽ 410 താല്ക്കാലിക തടയണകൾ നിർമ്മിച്ചു, പുഴയരിക് സംരക്ഷണത്തിനായ് മുള വെച്ച് പിടിപ്പിച്ചു, വിപുലമായ രീതിയിൽ കിണർ റീച്ചാർജ് പ്രവൃത്തി ഏറ്റെടുത്തു നടത്തി. മണ്ണ് ജല സംരക്ഷണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കി.

തെങ്ങിന് തടം മണ്ണിന് ജലം എന്ന പേരിൽ ജല റീചാർജ്ജ് പ്രവർത്തനം ജനകീയ വല്ക്കരിച്ചു. ഗ്രീൻ വോളണ്ടിയർമാരായ സ്കൂൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ജലസംരക്ഷണ ക്ലാസുകളും ക്യാമ്പുകളും നടത്തി. തോടുകളും കുളങ്ങളും മാലിന്യ മുക്തമാക്കാൻ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. മാലിന്യ കൂനകൾ മുഴുവൻ മാറ്റി പച്ചത്തുരുത്തുകൾ സ്ഥാപിക്കുകയും പാർക്കുകൾ സ്ഥാപിക്കുകയും ചെയ്തു. പഴശ്ശി ജലസംരക്ഷണ പദ്ധതിയുടെ ഭാഗമായ തരിശ് ഭൂമിയിൽ വനം വകുപ്പും ജല സേചന വകുപ്പുമായി ചേർന്ന് ഇക്കോ പാർക്ക് സ്ഥാപിച്ചു. തുടങ്ങിയ പ്രവർത്തനങ്ങളാണ് പായം ഗ്രാമ പഞ്ചായത്തിനെ ദേശീയ അവാർഡിന് അർഹമാക്കിയത്.



# പശ്ചിമഘട്ടം നീർച്ചാലുകളുടെ പുനഃസ്ഥാപനം: സംസ്ഥാന മിഷൻ ടീം സന്ദർശനം നടത്തി

ഇടുക്കി പീരുമേട് സുരക്ഷിതമാക്കാം പശ്ചിമഘട്ടം നീർച്ചാലുകളുടെ പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന മിഷൻ ടീം ഇടുക്കി ജില്ലയിലെ പെരുവന്താനം, കൊക്കയാർ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ചു. പെരുവന്താനം ഗ്രാമപഞ്ചായത്തിലെ പാലൂർക്കാവ് മേഖലയിലൂടെ ഒഴുകുന്ന പാലൂർവാലി തോടും കൊക്കയാർ ഗ്രാമപഞ്ചായത്തിലെ പുല്ലകയാറും സന്ദർശിച്ചു. പ്രളയബാധിത മേഖലയായതും, ജനവാസ കേന്ദ്രത്തിലൂടെ ഒഴുകുന്ന പ്രദേശമായതും ഈ തോടുകൾ തിരഞ്ഞെടുക്കാൻ കാരണമായി. പ്രളയത്തിൽ നീർചാലിനു സംഭവിച്ച ഗുരുതര പ്രത്യാഘാതങ്ങളും, പ്രദേശവാസികൾക്കുണ്ടായ ബുദ്ധിമുട്ടുകളും നേരിൽ വിലയിരുത്തി. പ്രളയത്തിന്റെ ആഘാതവും നീർച്ചാലുകളുടെ സ്ഥിതിയും വിലയിരുത്തിയ സംഘം പുനരുദ്ധാരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ പരിശോധനയ്ക്ക് ശേഷം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കും. നവകേരളം കർമപദ്ധതി സംസ്ഥാന കോഡിനേറ്റർ ഡോ. ടി.എൻ.സീമ, സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർമാരായ ടി.പി. സുധാകരൻ, എബ്രഹാം കോശി, പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ നായർ, സി.റോജ, ജില്ലാ കോർഡിനേറ്റർ ഡോ. അജയ് പി. കൃഷ്ണ, കട്ടപ്പന അഴുത എന്നീ ബ്ലോക്കിലെ കോഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.



# പച്ചത്തുരുത്ത് ഒരുങ്ങുന്നു

മലപ്പുറം ജില്ലയിലെ കാടാമ്പുഴ ഭഗവതീക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ദേവസ്വംഭൂമിയിൽ പച്ചത്തുരുത്ത് ഒരുങ്ങുന്നു. ഹരിതകേരള മിഷന്റെ സഹകരണത്തോടെയാണ് കാടാമ്പുഴ ദേവസ്വത്തിന്റെ നേതൃത്വത്തിൽ കശുമാവിൻതൈകൾ നട്ട് പച്ചത്തുരുത്ത് ഒരുക്കുന്നത്.എക്സിക്യൂട്ടീവ് ഓഫീസർ എസ്. രഞ്ജൻ കശുമാവിൻതൈകൾ നട്ട് ഉദ്ഘാടനം നിർവഹിച്ചു. കേരള കശുമാവ് വികസന ഏജൻസിയുടെ സഹായത്തോടെ രഘുനാഥൻ സാംസ്കാരിക കേന്ദ്രവുമായിച്ചേർന്നാണ് പ്രതിരോധവും അത്യുത്പാദനശേഷിയുമുള്ള ഹൈബ്രിഡ് കശുമാവിൻതൈകളുടെ പ്രചാരണത്തിന്റെ ഭാഗമായി ദേവസ്വം ഭൂമിയിൽ തൈകൾ നട്ട് പച്ചത്തുരുത്തൊരുക്കുന്നത്.



## ജല ഗുണനിലവാര പരിശോധന രണ്ടാംഘട്ട പ്രവർത്തനം ഉദ്ഘാടനം

കാസർഗോഡ് കയ്യൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, ഹയർ സെക്കന്ററി എൻ.എസ്.എസ് യൂണിറ്റ് നേതൃത്വത്തിൽ നടക്കുന്ന ജല ഗുണനിലവാര പരിശോധനയുടെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിച്ചു. പി.ടി.എ പ്രസിഡന്റ് എം.പ്രശാന്ത്, SMC ചെയർമാൻ കെ.രമേശൻ, PTA വൈസ് പ്രസിഡന്റ് രവീന്ദ്രൻ കെ.പി, MPTA പ്രസിഡന്റ് ലേഖ എ.കെ, രഞ്ജിനി കെ, എ.വി രൂപേഷ്, സൗമ്യ കെ.വി തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി.



NSS വളണ്ടിയർ ആവണി പി.വി ജലപരിശോധനയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കാസർഗോഡ് ജില്ലയിൽ ജലഗുണനിലവാര പരിശോധന ലാബ് ആരംഭിച്ച വിദ്യാലയങ്ങളിൽ ഏറ്റവും കൂടുതൽ പരിശോധനകൾ നടത്തിയത് കയ്യൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലാണ്.

## പുന്നയൂർ ഗ്രാമപഞ്ചായത്തിൽ ഓർമ്മത്തുരുത്ത്

തൃശൂർ പുന്നയൂർ ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് ഫിഷറീസ് യുപി സ്കൂൾ, മന്നലാംകുന്ന് പരിസരത്ത് ഓർമ്മത്തുരുത്ത് ഉദ്ഘാടനം നടന്നു. ജനപ്രതിനിധികൾ, വാർഡ് മെമ്പർമാർ,



സ്കൂളിലെ പ്രധാന അധ്യാപിക, പി.ടി.എ പ്രസിഡന്റ്, തൊഴിലുറപ്പ് AE, ഓവർസിയർ, തൊഴിലുറപ്പ് തൊഴിലാളികൾ, പ്രസ്തുത പരിപാടിയിലേക്ക് തൈകൾ നൽകിയ പരിസ്ഥിതി പ്രവർത്തകൻ ഷാജഹാൻ കടവല്ലൂർ തുടങ്ങിയവർ പങ്കെടുത്തു. ആപ്പിൾ ചാമ്പ, പേര, റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ തുടങ്ങി 20 തൈകളും കൂടാതെ 5 അലങ്കാര മുള തൈകളും ആണ് നട്ടിട്ടുള്ളത്.

## ജല ഗുണനിലവാര ലാബിന് പ്രിന്റർ വാങ്ങി നൽകി പഞ്ചായത്ത്

ഹരിതേകരളം മിഷന്റെ ഏകോപനത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഫണ്ട് വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യോടെ കോട്ടയം താഴത്തു വടകര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥാപിച്ച ജല ഗുണനിലവാര നിർണയ ലാബിന് പ്രിന്റർ നൽകി വെള്ളാവൂർ ഗ്രാമപഞ്ചായത്ത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ



വിദ്യാഭ്യാസ വകുപ്പും ഹരിതകേരളം മിഷനും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കിയത്. ആവർത്തന ചെലവ് തദ്ദേശ സ്ഥാപന പദ്ധതി വിഹിതം വകയിരുത്തിയാണ് പ്രിന്റർ വാങ്ങി നൽകിയത്. ഹരിതകേരളം മിഷൻ വാഴൂർ ബ്ലോക്ക് കോഡിനേറ്റർ രഞ്ജിത്ത് പി.കെ., അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## താമരക്കുളം ഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രകാശനം

ഹരിത കേരളം മിഷൻ സംസ്ഥാനത്താകെ നടപ്പിലാക്കുന്ന ജലസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ആലപ്പുഴ മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിൽ ജല ബജറ്റ് പ്രകാശനം ചെയ്തു. ചടങ്ങിൽ മുഖ്യാഥിതിയായ




നവകേരളം കർമപദ്ധതി 2, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കെ.എസ്. രാജേഷ് ജല ബജറ്റ് പരിചയപ്പെടുത്തി. ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ രാഹുൽ കൃഷ്ണൻ സ്വാഗതം ആശംസിച്ചു.

## ഹരിത സമൃദ്ധിയിൽ ചളവറ

പാലക്കാട് ചെർപ്പുളശേരിയിൽ ഹരിത സമൃദ്ധി പഞ്ചായത്തായി ചളവറ. ഹരിതകേരളം മിഷൻ തദ്ദേശ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പദ്ധതിയാണ് ഹരിത സമൃദ്ധി. 1,89,920 പച്ചക്കറി തൈകളാണ് പഞ്ചായത്തിൽ വിതരണം ചെയ്തത്. കുടുംബശ്രീ ജെഎൽജി ഗ്രൂപ്പുകൾ, അയൽക്കൂട്ടങ്ങൾ വഴി തൈകൾ വിതരണം നടത്തി. കുടുംബശ്രീ ആഴ്ച ചന്തയിലേക്ക് പച്ചക്കറി എത്തിക്കുന്നുണ്ട്.

ഹരിതകേരളം മിഷൻ

ഒരു കോടി തൈകൾ നട്ടു പിടിപ്പിച്ച് സംഘടിപ്പിച്ച ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ പൂർത്തീകരണം

# ഒരു തൈ നടാം

## ജില്ലാതല പ്രഖ്യാപനങ്ങൾ

### തിരുവനന്തപുരം ജില്ല

ഒരു തൈ നടാം ഒരുകോടി വൃക്ഷ തൈ നടീൽ യജ്ഞത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 965512 വൃക്ഷത്തൈകൾ നട്ട് ലക്ഷ്യം പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം നടത്തി. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത ക്യാമ്പയിനുകൾ വിജയകരമായി പൂർത്തീകരിച്ചവർക്കുള്ള പുരസ്കാര വിതരണവും ഇതിനോടൊപ്പം നടത്തി. ജില്ലയിൽ



നിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ അടക്കം പങ്കെടുത്ത യോഗത്തിൽ ബ്ലോക്ക് കോർഡിനേറ്റർ ബി. ലില്ലി സ്വാഗതവും ജില്ലാ കോഡിനേറ്റർ സി. അശോക് റിപ്പോർട്ട് അവതരണവും ഹരിപ്രിയ ദേവി വി.വി. ആശംസയും പറഞ്ഞു.

### കൊല്ലം ജില്ല

കൊല്ലം ജില്ലയിൽ 'ഒരു തൈ നടാം' ക്യാമ്പയിന്റെ ഭാഗമായി 6,20,000 തൈകളാണ് നട്ടുപിടിപ്പിച്ചത്. ക്യാമ്പയിൻ പൂർത്തീകരണ പ്രഖ്യാപനം നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ.സീമ ചിതറ കണ്ണങ്കോട് അപ്പൂപ്പൻ




കുന്നിൽ നിർവഹിച്ചു.

നവകേരളം കർമപദ്ധതി പ്രോഗ്രാം ഓഫീസർ അജയകുമാർ പദ്ധതി വിശദീകരണം നടത്തി. നവകേരളം കർമപദ്ധതി സി.എ. ടു കോർഡിനേറ്റർ റോജ, നവകേരളം കർമ്മ പദ്ധതി ജില്ലാ കോർഡിനേറ്റർ എസ്.ഐസക്, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

### പത്തനംതിട്ട ജില്ല

ഒരു തൈ നടാം വൃക്ഷവൽക്കരണം ക്യാമ്പയിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ 3 ലക്ഷം തൈകൾ നട്ടതിന്റെ ജില്ലാതല പ്രഖ്യാപനം മല്ലപ്പള്ളി സി.എം.എസ് ഹയർ സെക്കണ്ടറി സ്കൂളിൽ അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ നിർവഹിച്ചു. പ്രകൃതി സംരക്ഷണം, ജലസംരക്ഷണം, ജൈവകൃഷി തുടങ്ങിയ



മേഖലകളിൽ ഹരിതകേരളം മിഷൻ ശ്ലാഘനീയമായ പ്രവർത്തനമാണ് കാഴ്ച്ച വെച്ചതെന്നും വിദ്യാർത്ഥികൾ പ്രകൃതി സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും വിദ്യാഭ്യാസത്തോടൊപ്പം അത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യണമെന്നും എം.എൽ.എ പറഞ്ഞു.

നല്ല നാളെയ്ക്കായി പച്ചപ്പിനെ ചേർത്തുവെക്കാൻ സംസ്ഥാന സർക്കാർ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തുടങ്ങിയ ഒരു തൈ നടാം ക്യാമ്പയിനിലൂടെ പത്തനംതിട്ട ജില്ലയിൽ 166116 തൈകൾ ജനകീയമായും 178534 തൈകൾ സർക്കാർ സ്ഥാപനം വഴിയും ശേഖരിച്ചു, ഇതുവരെ ജില്ലയിൽ 314630 തൈകൾ നട്ടു.

ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പാൾ ബാബു മാത്യു സ്വാഗതം പറഞ്ഞു.ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി അനിൽകുമാർ പദ്ധതി വിശദീകരണം നടത്തി.

### ആലപ്പുഴ

ജനകീയ ക്യാമ്പയിനിലൂടെ അഞ്ചര ലക്ഷത്തിനടുത്ത് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചതിന്റെ ആലപ്പുഴ ജില്ലാതല പ്രഖ്യാപനം നടന്നു. വിവിധ ത.സ്വ.ഭ. സ്ഥാപനങ്ങളിൽ പച്ചത്തുരുത്ത് , ഓർമ്മ തുരുത്ത് , വൃക്ഷ വത്കരണം എന്നിവയിലൂടെയാ






ണ് നാടിന് അനുയോജ്യമായതും , വംശനാശ ഭീഷണി നേരിടുന്നതുമായ വൃക്ഷങ്ങൾ നടുന്നത് ക്യാമ്പയിന്റെ ഭാഗമാക്കിയത് . വനം വകുപ്പിൽ നിന്നും ലഭ്യമായ വലിയ വൃക്ഷത്തൈകൾക്ക് പുറമെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ നഴ്സറികളിൽ നിന്നും , പ്രാദേശികമായി ജനങ്ങളിൽ നിന്നും കുടുംബശ്രീ മുഖേനയും വിവിധ സംഘടനകൾ മുഖേനയും തൈകൾ ശേഖരിച്ചാണ് ഈ മഹത്തായ നേട്ടം ജില്ല കൈവരിച്ചത് . മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി മാതൃക വീഥികളും ടൗണുകളുമായി പ്രഖ്യാപിച്ച ഇടങ്ങളിലും പൊതുസ്ഥലങ്ങൾ , ഹരിതവിദ്യാലയങ്ങൾ ഓഫീസുകൾ എന്നിവയുടെ കോമ്പൗണ്ടുകളിലും വൃക്ഷവത്കരണം നടത്തിയിരുന്നു. നവകേരളം ജില്ലാ കോർഡിനേറ്റർ കെ.എസ് രാജേഷ് സ്വാഗതം ആശംസിച്ചു.

## കോട്ടയം ജില്ല

'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ കോട്ടയം ജില്ലാതല പൂർത്തീകരണ പ്രഖ്യാപനം നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ ഏറ്റവും



കൂടുതൽ തൈകൾ നട്ടവർക്ക് ചടങ്ങിൽ പുരസ്കാരം വിതരണം ചെയ്തു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ എൻ എസ് ഷൈൻ അധ്യക്ഷനായി. ജില്ലയിൽ 603000 വൃക്ഷ തൈകൾ ആണ് ക്യാമ്പയിന്റെ ഭാഗമായി വച്ച് പിടിപ്പിച്ചത്.

## ഇടുക്കി

ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ ജില്ലാതല പ്രഖ്യാപനം നടന്നു. ഒരു തൈ നടാം വൃക്ഷവത്കരണ



ക്യാമ്പയിൻ ഓർമ്മ തുരുത്ത് പദ്ധതികളുടെ വിശദീകരണം നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഡോക്ടർ അജയ് പി കൃഷ്ണ നിർവഹിച്ചു.

## എറണാകുളം ജില്ല

ഒരു തൈ നടാം ഒരുകോടി വൃക്ഷ തൈ നടീൽ യജ്ഞത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ 855145 വൃക്ഷത്തൈകൾ നട്ട് ലക്ഷ്യം പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം നടന്നു. സ്കൂൾ പ്രിൻസിപ്പാൾ ബിജി ജോൺ, ഹരിത കേരള മിഷൻ എറണാകുളം ജില്ലാ കോഡിനേറ്റർ എസ് രഞ്ജിനി,ഹരിത കേരളം മിഷൻ പ്രോഗ്രാം ഓഫീസർ സുരേഷ് ഉണ്ണിരാജ് തുടങ്ങിയവർ



സംസാരിച്ചു. 90 കുട്ടികൾ തൈകൾ പരസ്പരം കൈമാറി.കൂടാതെ സ്കൂളിൽ ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തൈകൾ നട്ടു.

## പാലക്കാട്

ഹരിതകേരളം മിഷന്റെ 'ഒരു തൈ നടാം' വൃക്ഷവൽക്കരണ ക്യാമ്പയിൻ പാലക്കാട് ജില്ലാതല പൂർത്തീകരണ പ്രഖ്യാപനം നടന്നു.

ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും മറ്റ് സന്നദ്ധ, സാമൂഹിക, സാംസ്കാരിക സംഘടനകളുടെയും പങ്കാളിത്തത്തോടെ സംഘടിപ്പിച്ച 'ഒരു തൈ നടാം' - ഒരു കോടി വൃക്ഷത്തൈ നടീൽ യജ്ഞത്തിന്റെ ഭാഗമായി ജില്ലയിൽ 9,64,046 വൃക്ഷത്തൈകൾ നട്ട് ലക്ഷ്യം



പൂർത്തിയാക്കിയതായി ചടങ്ങിൽ പ്രഖ്യാപിച്ചു. നവകേരളം കർമ്മപദ്ധതി ജില്ലാ കോഡിനേറ്റർ പി. സെയ്തലവി പരിപാടി വിശദീകരിച്ചു.

## മലപ്പുറം

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽകരണം ക്യാമ്പയിൻ ജില്ലാ തല പ്രഖ്യാപനം നടന്നു. ജില്ലയിൽ ആകെ 12 ലക്ഷം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ഇതിനകം സാധിച്ചു. വനം വകുപ്പ്, തൊഴിലുറപ്പ്, ഔഷധ സസ്യ ബോർഡ് എന്നി സർക്കാർ വകുപ്പിൽ നിന്നും കൂടാതെ ജനകീയമായി ശേഖരിച്ച തൈകളും സ്വകാര്യ ഏജൻസികൾ



നഴ്സറികൾ എന്നിവിടങ്ങളിൽ നിന്നും ആണ് തൈകൾ ശേഖരിച്ച് നടാൻ സാധിച്ചത്. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ . ഡോ. സീമ പി പദ്ധതി അവതരണം നടത്തി.

## കോഴിക്കോട്

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന കോഴിക്കോട് ജില്ലയുടെ ഒരു തൈ നടാം, ജനകീയ ക്യാമ്പയിൻ സമ്പൂർണ്ണ പൂർത്തീകരണ പ്രഖ്യാപനം നടത്തി. മന്ത്രി എ.കെ ശശീന്ദ്രൻ പ്രഖ്യാപനം നിർവഹിച്ചു. സർക്കാർതലത്തിൽ മലബാർ ബോട്ടാണിക്കൽ ഗാർഡൻ, സോഷ്യൽ ഫോറസ്ട്രി,



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെ തൈ ശേഖരണം നടത്തിയിരുന്നു. ജില്ലയിൽ ഇതിനോടകം 662441 തൈകൾ ജനകീയമായും 165689 തൈകൾ വിവിധ വകുപ്പുകൾ വഴിയും ചേർത്ത് ആകെ 828130 നട്ടു പിടിപ്പിക്കുകയും ലക്ഷ്യം പൂർത്തീകരിക്കുയും ചെയ്തു. ജില്ലയിൽ 1197 വിദ്യാലയങ്ങളിലായി 83029 തൈകൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കൈമാറി. ജില്ലയിൽ ഏറ്റവും കൂടുതൽ തൈകൾ ചങ്ങാതിക്കൊരു തൈ ക്യാമ്പയിനിലൂടെ കൈമാറിയ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന് അനുമോദനം നൽകി.

## വയനാട്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്ന ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ജില്ലയുടെ ലക്ഷ്യം കൈവരിച്ചതിന്റെ പ്രഖ്യാപനവും കബനി നദീ തട ആവാസ വ്യവസ്ഥ പുനസ്ഥാപനത്തിന്റെ തുടക്കം കുറിക്കലും വെങ്ങാപ്പള്ളി ചോലപ്പുറം പച്ചത്തുരുത്തിൽ നടന്നു. പരിസ്ഥിതി



പ്രവർത്തകനും രാഷ്ട്രപതി അവാർഡ് ജേതാവ് സലീം പിച്ചൻ പ്രഖ്യാപനം നടത്തി.നവകേരളം ജില്ലാ കോർഡിനേറ്റർ ഇ സുരേഷ് ബാബു ഒരു തൈ നടാം ക്യാമ്പയിൻ അവതരണം നടത്തി.

## കണ്ണൂർ

ഒരു തൈ നടാം ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ 937357 വൃക്ഷത്തൈകൾ നട്ടതിന്റെ സംസ്ഥാനതല പ്രഖ്യാപ



നം നവകേരളം കർമപദ്ധതി സംസ്ഥാന അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ നിർവഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ എം.പി. ജയൻ, വി.സി. ബാലകൃഷ്ണൻ, സ്നേഹ, എന്നിവർ സംസാരിച്ചു. ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർ വി. സഹദേവൻ നന്ദി പറഞ്ഞു.

## കാസർഗോഡ്

നല്ല നാളെയ്ക്കായി പച്ചപ്പിനെ ചേർത്തുവെയ്ക്കാൻ സംസ്ഥാന സർക്കാർ ഹരിതകേരളം മിഷനിലൂടെ ആവിഷ്ക്കരിച്ച ഒരു തൈ നടാം ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ 397454 തൈകൾ ജനകീയമായും 42906 തൈകൾ സർക്കാർ സ്ഥാപനങ്ങൾ വഴിയും ശേഖരിച്ചു. ഇതുവരെ 440360 തൈകൾ നട്ടു. ഇത് സംബന്ധിച്ച് പ്രഖ്യാപനം വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ നിർവ്വഹിച്ചു. നിലവിലുള്ള പച്ചത്തുരുത്തുകളിൽ നശിച്ചു പോയ തൈകൾക്കു പകരം നടുന്നതിനും ക്യാമ്പയിനിലൂടെ കഴിഞ്ഞു. വിദ്യാർത്ഥികളും മുതിർന്നവരും സമൂഹത്തിന്റെ




വിവിധ തുറകളിലുള്ളവരും പച്ചപ്പിന്റെ കാവലാളാകാൻ സ്വയം തയ്യാറായപ്പോൾ ജില്ലയിൽ നല്ല നാളേക്കുള്ള പുത്തൻ പച്ചപ്പുകളാൽ നിറഞ്ഞുവെന്നും മികച്ച പ്രതികരണമാണ് ക്യാമ്പയിന് ലഭിച്ചതെന്നും ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ പറഞ്ഞു.

## ഫിലമെന്റ് രഹിത സ്ട്രീറ്റ് ലൈറ്റ് പ്രഖ്യാപനം

ഊർജ കാര്യക്ഷമതയിലേക്ക് മാറുന്നതിന്റെ ഭാഗമായി കോഴിക്കോട് പനങ്ങാട് ഗ്രാമ പഞ്ചായത്ത് ഫിലമെന്റ് രഹിത സ്ടീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ പ്രഖ്യാപനം നടത്തി. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായാണ് പ്രഖ്യാപനം സംഘടിപ്പിച്ചത്. പഞ്ചായത്തിലുള്ള 755 സ്ടീറ്റ് ലൈറ്റുകൾ മുഴുവൻ എൽ.ഇ.ഡി. യിലേക്ക് മാറ്റിക്കൊണ്ടും മുഴുവൻ വാർഡുകളിലെ സ്ടീറ്റ് ലൈറ്റുകൾ ഫിലമെന്റ് രഹിതമാണെന്ന് ഉറപ്പു വരുത്തികൊണ്ടും, തുടർന്നും ഇതേ രീതിയിൽ മുന്നോട്ട് പോകുമെന്ന് സാക്ഷ്യപത്രം നൽകിക്കൊണ്ടുമാണ് പ്രഖ്യാപനത്തിലേക് എത്തിച്ചേർന്നത്. പനങ്ങാട് പഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ ശില്പശാല സംഘടിപ്പിക്കുകയും, കോർ കമ്മിറ്റി രൂപീകരിക്കുകയും, ഊർജ ക്ലാസുകൾ സംഘടിപ്പിക്കുകയും,ഊർജ സർവ്വേ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## തരിശുരഹിതമായി 4 പഞ്ചായത്തുകൾ

പാലക്കാട് ജില്ലയിൽ ഹരിതകേരളം മിഷന്റെ കാർഷിക സമൃദ്ധിയിലൂടെ ജില്ലയിലെ നാലുപഞ്ചായത്തുകൾ തരിശു രഹിതമായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കൃഷി യോഗ്യമായ മുഴുവൻ തരിശുഭൂമിയിലും കൃഷിയിറക്കി തരിശുരഹിത പ്രദേശങ്ങളാക്കി മാറ്റാനുള്ള പ്രത്യേക ക്യാമ്പയിനാണ്



തരിശുരഹിത ഗ്രാമം പദ്ധതി. കൃഷിവകുപ്പ്, കുടുംബശ്രീ, വിവിധ വകുപ്പുകൾ, മിഷനുകൾ എന്നിവരുടെ ഏകോപനത്തോടെ നടത്തിയ പ്രവർത്തനത്തിലൂടെയാണ് ലക്ഷ്യം കൈവരിച്ചത്. ആദ്യത്തെ തരിശുരഹിത പഞ്ചായത്തായി മുതുതലയും തുടർന്ന് കോട്ടായി, കിഴക്കഞ്ചേരി, എലവഞ്ചേരി പഞ്ചായത്തുകളും നേട്ടം കൈവരിച്ചു.

## കോഴിക്കോട് ജില്ലയിൽ സമ്പൂർണ്ണ ജലബജറ്റും ജല സുരക്ഷ പ്ലാനും

കോഴിക്കോട് ജില്ലയുടെ സമ്പൂർണ്ണ ജലബജറ്റ് പ്രഖ്യാപനം അഹമ്മദ് ദേവർകോവിൽ എം.എൽ.എ നിർവഹിച്ചു. നിലവിലെ ജലദൗർലഭ്യത്തിന്റെ ഭാവി പ്രതിസന്ധികൾ, മലിനീകരണ പ്രശ്നങ്ങൾ, ഒരു പൗരൻ എന്ന നിലയിൽ നാം പ്രകൃതിയോട് പാലിക്കേണ്ട കടമ



കൾ എന്നിവയെക്കുറിച്ചും ജലസുരക്ഷയിലൂടെ ജലത്തിന്റെ നീതിയുക്തമായ ഉപയോഗത്തിന് ജല സുരക്ഷ പ്ലാൻ സഹായിക്കുമെന്നും ജനപങ്കാളിത്തം ജലബജറ്റിന്റെ ആത്മവാകുന്നുവെന്നും സമ്പൂർണ്ണ ജലബജറ്റ് പ്രഖ്യാപനം നടത്തികൊണ്ട് അദ്ദേഹം പറഞ്ഞു. ജില്ലയിലെ 70 ഗ്രാമപഞ്ചായത്തുകളിലും 7 നഗരസഭകളിലും 1 കോർപ്പറേഷനിലും ജലബജറ്റ് പൂർത്തിയാക്കി. ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ ജലബജറ്റുകൾ ബ്ലോക്ക് തലത്തിൽ ക്രോഡീകരിക്കുകയും 12 ബ്ലോക്ക്തല ജലബജറ്റുകൾ തയ്യാറാക്കുകയും ചെയ്തു. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലബജറ്റ് തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജില്ലയിലെമാഹിപുഴ, കോരപുഴ, കുറ്റ്യാടിപുഴ, കല്ലായിപുഴ, കടലുണ്ടി പുഴ, ചാലിയാർ പുഴ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ജലസുരക്ഷപ്ലാനും യോഗത്തിൽ പ്രകാശനം ചെയ്തു.



# കണ്ണൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ തോടുനടത്തം

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടെ സംസ്ഥാന വ്യാപകമായി നടക്കുന്ന ജലമാണ് ജീവൻ ജനകീയ ക്യാമ്പയിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ 30 ഗ്രാമപഞ്ചായത്തുകളിലായി 34 തോടുകളുടെ തീരത്ത് തോടുനടത്തം സംഘടിപ്പിച്ചു. മലിനികരിക്കപ്പെടുന്ന ജലാശയങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായിട്ടാണ് പരിപാടി നടത്തിയത്. ജലം അമൂല്യമാണെന്നും ജലാശയങ്ങൾ സംരക്ഷിക്കേണ്ടത് നാടിന്റെ ആവശ്യമാണെന്നും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാർത്ഥികളിലൂടെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്.

കൂടാളി ഗ്രാമപഞ്ചായത്ത് അതിർത്തിയിലെ കാഞ്ഞിരോട് തോടിൽ കൂടാളി ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. വോളണ്ടിയർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച തോടു നടത്തം ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ പരിപാടി ഉദ്ഘാടനം ചെയ്തു. കൂടാളി ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ രശ്മി എസ്.ആർ. അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ഇരിട്ടി ബ്ലോക്ക് കോർഡിനേറ്റർ ജയപ്രകാശ് പന്തക്ക പദ്ധതി വിശദികരണം നടത്തി. അധ്യാപകരായ ശരത് പ്രഭാത്, ദീപ. പി., പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ സഫ്രീന, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റ് എഞ്ചിനീയർ അശ്വന്ത്,ബൈജു പി.കെ എന്നിവർ പങ്കെടുത്തു.

കീഴല്ലൂർ പഞ്ചായത്തിലെ എടയന്നൂർ - കാനാട് തോടിൽ എടയന്നൂർ ഗവ:ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. വോളണ്ടിയർമാരുടെ നേതൃത്വത്തിൽ തോടു നടത്തം സംഘടിപ്പിച്ചു. എടയന്നൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ശശികല സി.എ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ ദിജിൽ എ.എൻ,മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റ് എഞ്ചിനീയർ വർഷ, അനീഷ് എ.കെ., അമർനാഥ് സി.എന്നിവർ സംസാരിച്ചു.

ഇരിട്ടി നഗരസഭയിലെ ഇരിട്ടി ബ്ലോക്ക് ഓഫീസ് പരിസരത്ത് ഇരിട്ടി ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്.എസ്. വോളണ്ടിയർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച തോടു നടത്തം ഇരിട്ടി ഹയർ സെക്കൻഡറി സ്കൂൾ സീനിയർ അസ്സിസ്റ്റന്റ് ബിൻസി കെ.ജെ. പരിപാടി ഉദ്ഘാടനം ചെയ്തു. സ്കൂൾ എൻ.എസ്.എസ്.എസ്. പ്രോഗ്രാം ഓഫീസർ ബെൻസി രാജ് അധ്യക്ഷത വഹിച്ചു.












## മഴയറിവ് എറണാകുളം ജില്ലാതല ഉദ്ഘാടനം

മഴയറിവ് മഴ മാപിനി സ്ഥാപിക്കുന്നതിന്റെ എറണാകുളം ജില്ലാതല ഉദ്ഘാടനം രാമമംഗലത്ത് ഹരിതകേരള മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി. എസ് നിർവഹിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടം, കുസാറ്റ്,ഹ്യൂം സെന്റർ വയനാട്, സയൻസ് സെന്റർ തുരുത്തിക്കര, സുസ്ഥിര ഫൗണ്ടേഷൻ എന്നിവരുടെ നേതൃത്വത്തിലാണ് മഴയറിവ് ക്യാമ്പയിൻ എറണാകുളം ജില്ലയിൽ സംഘടിപ്പിച്ചു വരുന്നത്. എറണാകുളം ജില്ലയിൽ ജനകീയ പങ്കാളിത്തത്തോടുകൂടി മഴ മാപിനികൾ സ്ഥാപിച്ചു അളവ് രേഖപ്പെടുത്തി കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിന് പ്രാദേശിക സമൂഹത്തെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജനകീയ പങ്കാളിത്തത്തോടുകൂടി മഴമാപിനികൾ സ്ഥാപിക്കുന്നതിലൂടെ ജനങ്ങൾ അവരുടെ പ്രദേശത്തെ മഴയുടെ ഏറ്റക്കുറച്ചിലുകൾ പഠിക്കുകയും തദ്ദേശ സ്ഥാപന തലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സാധിക്കുകയും ചെയ്യും. റെസിഡൻസ്



അസോസിയേഷൻ പ്രതിനിധികൾ, ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകർ, ഗ്രന്ഥശാല പ്രവർത്തകർ എന്നിവർ പ്രവർത്തനങ്ങളിൽ പങ്കാളികളാകും.

### മംഗലപുരംഗ്രാമപഞ്ചായത്തിലെ ഹരിതഗ്രന്ഥശാലാ പ്രഖ്യാപനം

തിരുവനന്തപുരം മംഗലപുരം ഗ്രാമപഞ്ചായത്തിലെ കുറക്കട ടാഗോർ ലൈബ്രറി സ്പോർട്സ് & ആർട്സ് ക്ലബ്ബിന്റെ ഹരിതഗ്രന്ഥശാലാ പ്രഖ്യാപനം വി. ശശി എം.എൽ.എ നിർവഹിച്ചു. ലൈബ്രറി പ്രസിഡന്റ് സുകു.എസ് അധ്യക്ഷത വഹിച്ചു. ഒരു തൈ നടാം ചങ്ങാതിക്കൊരു തൈ ക്യാമ്പയിൻ തൈ കൈമാറ്റ ഉദ്ഘാടനം മംഗലപുരം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ബി. ഷീല നിർവഹിച്ചു. ലൈബ്രറി കൗൺസിൽ അംഗങ്ങൾ പരസ്പരം തൈകൾ കൈമാറുകയും ചെയ്തു. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് എൻ.സായി കുമാർ, കിഴുവിലം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീകണ്ഠൻ നായർ, അഴൂർ ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ സജിത്ത്, ഹരിതകേരളം മിഷൻ പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ നായർ, മംഗലാപുരം ലൈബ്രറി കൂട്ടായ്മ



കൺവീനർ ജോർജ് ഫെർണാണ്ടസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ലൈബ്രറി സെക്രട്ടറി ശശികുമാർ സ്വാഗതവും ലൈബ്രറി എക്സിക്യൂട്ടീവ് അംഗം ബിസ്മി എൽ. എസ് നന്ദിയും പറഞ്ഞു.

### എറണാകുളം ലോ കോളേജിൽ ബയോബിൻ യൂണിറ്റ്

മാലിന്യം മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി എറണാകുളം ഗവ ലോ കോളേജിൽ ബയോ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചു. കോളേജ് എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഹരിത കേരളം മിഷനിലൂടെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സാമ്പത്തിക സഹായത്തോടെയാണ് ജൈവ മാലിന്യ സംസ്കരണ ഉപാധിയായ ബയോ കമ്പോസ്റ്റ് ബിൻ സ്ഥാപിച്ചത്. പ്രിൻസിപ്പൽ ഡോ. മിനി പോൾ അധ്യക്ഷത വഹിച്ച യോഗത്തിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എച്ച് ആർ ജനറൽ മാനേജർ ബീന മേനോൻ ഉദ്ഘാടനം നിർവഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ രഞ്ജിനി എസ് മുഖ്യപ്രഭാഷണം നടത്തി. യോഗത്തിൽ ഐ ഒ സി സീനിയർ ജനറൽ മാനേജർ എച്ച് ആർ ഗോപിക ലക്ഷ്മണൻ, ഹരിതകേരളം മിഷൻ ബ്ലോക്ക് കോർഡിനേറ്റർമാരായ നിസ നിഷാദ്, സുരേഷ് എ എ,



ജോയ് ജെഫിൻ, ദീപു ടി എസ്, എസ് എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ. ലക്ഷ്മി ജി ആർ, എൻഎസ്എസ് വോളണ്ടിയർ സെക്രട്ടറി ഋഷി ആർ എസ് എന്നിവർ സംസാരിച്ചു.

## സമ്പൂർണ ഹരിത ഗ്രന്ഥശാല പ്രഖ്യാപനം

ഹരിതകേരളം മിഷന്റെയും ലൈബ്രറി കൗൺസിലിന്റെയും നേതൃത്വത്തിൽ വയനാട് ജില്ലയിൽ നടന്നു വരുന്ന ഹരിത ഗ്രന്ഥശാല ക്യാമ്പയിനിൽ മാനന്തവാടി താലൂക്കിലെ മുഴുവൻ ഗ്രന്ഥശാലകളും ഹരിത ഗ്രന്ഥശാലകളായതിന്റെ പ്രഖ്യാപനം നടന്നു.



താലൂക്കിലെ ആകെയുള്ള 82 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലകളായി.താലൂക്ക് ലൈബ്രറി സെക്രട്ടറി സുരേഷ് ബാബു അധ്യക്ഷനായ പരിപാടിയിൽ നവകേരളം ജില്ലാ കോർഡിനേറ്റർ ഇ സുരേഷ് ബാബു ക്യാമ്പയിൻ അവതരണം നടത്തി. ഹരിത ഗ്രന്ഥശാലകളായ ലൈബ്രറികൾക്കുള്ള സർട്ടിഫിക്കറ്റ് വയനാട് ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി പി കെ സുധീർ കൈമാറി.





# നാലിലാങ്കണ്ടം ജൈവ വൈവിധ്യ പച്ചത്തുരുത്ത്

കാസർഗോഡ് കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിലെ നാലിലാങ്കണ്ടം ഗവ. യു.പി. സ്കൂൾ കോമ്പൗണ്ടിൽ 330 സെന്റ് സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന പച്ചത്തുരുത്ത് അവിടുത്തെ പ്രധാന ജൈവവൈവിധ്യ പഠനകേന്ദ്രവും കൂടിയാണ്. സഹ്യാദ്രിയിൽ മാത്രം കണ്ടുവരുന്ന അപൂർവ്വമായ നിരവധി സസ്യങ്ങൾ അടക്കമുള്ള ഈ പച്ചത്തുരുത്തിനെ കാസറഗോഡ് ജില്ലാ പഞ്ചായത്ത് ജില്ലാ ജൈവ വൈവിധ്യ പഠന കേന്ദ്രമാക്കി ഉയർത്തിയിരിക്കുകയാണ്. പൂമ്പാറ്റകൾ, തുമ്പികൾ, ഉരഗങ്ങൾ, പക്ഷികൾ തുടങ്ങിയ ജീവിവർഗങ്ങളെ പരിചയപ്പെടാനും പഠിക്കാനും ഈ ജൈവ വൈവിദ്ധ്യകേന്ദ്രം ഉപകരിക്കുന്നു. നിലവിലുണ്ടായിരുന്ന മരങ്ങൾക്ക് പുറമെ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി കൂടുതൽ മരങ്ങൾ നട്ടുവളർത്തിയിട്ടുണ്ട്. വിവിധ ഇനത്തിൽ പെട്ട ധാരാളം പക്ഷികളും ചിത്രശലഭങ്ങളും ഇവിടെ കാണപ്പെടുന്നു. ഹരിതകേരളം മിഷന്റെ നിർദ്ദേശത്തോടെ ജില്ലാ പഞ്ചായത്തും കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. നിലവിൽ ഈ പച്ചത്തുരുത്ത് ആരേയും ആകർഷിക്കത്തക്ക വിധത്തിൽ വളർന്നു പന്തലിച്ചു നിൽക്കുന്നു. 2000 ത്തോളം മരങ്ങൾ ഈ പച്ചത്തുരുത്തിലുണ്ട്.



## പാക്കം കുറുവ ഇനി ഹരിത ടൂറിസം കേന്ദ്രം

പാക്കം കുറുവ ഇക്കോ ടൂറിസം കേന്ദ്രത്തെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, ഹരിത കേരളം മിഷൻ, കുറുവ ഇക്കോ ടൂറിസം കേന്ദ്രം എന്നിവരുടെ ആഭിമുഖ്യത്തിലാണ് പ്രഖ്യാപനം നടത്തിയത്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ടൂറിസം വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ ക്യാമ്പയിനിലൂടെ സൗത്ത് നോർത്ത് ഫോറെസ്റ്റ് ഡിവിഷനു കീഴിലുള്ള എല്ലാ ടൂറിസം കേന്ദ്രങ്ങളും ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. പരിപാടിയിൽ ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ സുരേഷ് ബാബു പദ്ധതി വിശദീകരണം നടത്തി. റേഞ്ച് ഫോറെസ്റ്റ് ഓഫീസർ രാജീവ് കുമാർ സംസാരിച്ചു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246